**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103** **01-03-2023 - ൽ മറുപടിയ്ക്ക്**

**കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തിക്ക് ടെൻഡർ നൽകിയത് എന്നാണെന്ന് അറിയിക്കുമോ; | (എ) | തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ - ചൂലിപ്പാടം റോഡ് പ്രവൃത്തിക്ക് 07.03.2019-ന് ക്ഷണിച്ച ടെണ്ടർ പ്രകാരം ശ്രീ.മുഹമ്മദ് അക്ബർ വി എന്ന കരാറുകാരൻ 19.09.2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | പുതുക്കോട് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കൽ, ജല അതോറിറ്റിയുടെ റോഡ് കീറിമുറിച്ചുകൊണ്ടുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ എന്നിവയും, കരാറുകാരന്റെ ഭാഗത്ത് നിന്നുമുള്ള അനാസ്ഥയും പ്രവൃത്തി പൂർത്തീകരിക്കുന്നത് താമസിക്കുവാൻ കാരണമായി. |
| (സി) | പ്രസ്തുത റോഡിന്റെ കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി ചെയ്യുന്നുണ്ടോയെന്ന് ബന്ധപ്പെട്ട വകുപ്പ് അധികാരികൾ പരിശോധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | പ്രവൃത്തിയുടെ പുരോഗതി ഉറപ്പാക്കുന്നതിന് ഫോൺ മുഖാന്തിരവും, വിവിധ കത്തുകൾ മുഖാന്തിരവും കരാറുകാരനോട് നിരന്തരം ആവശ്യപ്പെട്ടുകയും കരാറുകാരന് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് അന്ത്യശാസനം നൽകുകയും ചെയ്തിരുന്നു.നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികളൊന്നും കരാറുകാരന്റെ ഭാഗത്ത് നിന്നും ഉണ്ടാകാത്തതിനാൽ ടി പ്രവൃത്തിയിൽ നിന്നും കരാറുകാരനെ റിസ്ക്&കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ